പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1171

13.06.2013 ൽ മറുപടിക്ക്

## വെട്ടിക്കുറച്ച അരിവിഹിതം പുനസ്ഥാപിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ:<br>,, കെ. രാജു:<br>,, ജി.എസ്. ജയലാൽ:<br>ശ്രീമതി ഇ.എസ്. ബിജിമോൾ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | കേരളത്തിന് പ്രത്യേകമായി നൽകിയിരുന്ന അരി വിഹിതത്തിൽ കുറവു വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ: | (എ) | 2012-13 സാമ്പത്തിക വർഷത്തിൽ ബി.പി.എൽ അഡ്ഹോക് അധിക വിഹിതമായി സംസ്ഥാനത്തിന് ലഭിച്ച 84978 മെ.ടൺ അരിയും 34190 മെ.ടൺ ഗോതമ്പും, 2013-14 സാമ്പത്തിക വർഷത്തിൽ നാളിതുവരെ ലഭ്യമായിട്ടില്ല. |
| (ബി) | ഇപ്രകാരം കുറച്ചതിലൂടെ എ.പി.എൽ, ബി.പി.എൽ. വിഭാഗങ്ങൾക്ക് പ്രതിമാസം കുറവുവന്ന അരിയുടെ അളവ് എത്ര; | (ബി) | ബി.പി.എൽ. വിഭാഗങ്ങൾക്കുള്ള പ്രതിമാസ വിഹിതത്തിൽ കുറവുവരുത്തിയിട്ടില്ല. എന്നാൽ എ.പി.എൽ. വിഭാഗങ്ങൾക്ക് ഉള്ള പ്രതിമാസ വിഹിതം, കേന്ദ്രസർക്കാരിൽ നിന്നുള്ള അഡ്ഹോക് വിഹിതം ലഭിക്കാൻ വൈകിയതുകാരണം 2013 ഏപ്രിൽ, മെയ് മാസങ്ങളിൽ 6 കിലോഗ്രാം അരി, 2 കിലോഗ്രാം ഗോതമ്പ് എന്നിങ്ങനെയായി പരിമിതപ്പെടുത്തിയിരുന്നു. |
| (സി) | സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് എ.പി.എൽ, ബി.പി.എൽ. വിഭാഗങ്ങൾക്കായി ഏപ്രിൽ മാസം അനുവദിച്ച അരിയുടെ അളവെത്ര; മെയ്, ജൂൺ എന്നീ മാസങ്ങളിലേയ്ക്ക് അനുവദിച്ച അരിയുടെ അളവ് എത്ര ; | (സി) | എ.പി.എൽ. വിഭാഗത്തിന് 2013 ഏപ്രിൽ മാസത്തിൽ 6 കിലോഗ്രാം അരിയും ബി.പി.എൽ. വിഭാഗത്തിന് 25 കിലോഗ്രാം അരിയും സബ്സിഡി നിരക്കിൽ അനുവദിച്ചിരുന്നു. ബി.പി.എൽ. വിഭാഗത്തിന് മെയ്, ജൂൺ എന്നീ മാസങ്ങളിൽ 25 കിലോഗ്രാം അരി സബ്സിഡി നിരക്കിൽ |

അനുവദിച്ചിട്ടുണ്ട്. എ.പി.എൽ. വിഭാഗ ത്തിന് 2013 മെയ് മാസത്തിൽ 6 കിലോഗ്രാം അരിയും ജൂൺ മാസത്തിൽ 9 കിലോഗ്രാം അരിയും സബ്സിഡി നിരക്കിൽ അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഇപ്രകാരം വിതരണം ചെയ്യുന്ന അരി യുടെ കുറവു വരുത്തിയ വിഹിതം പുനഃസ്ഥാപിച്ചു കിട്ടുന്നതിന് നടപടി കളെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (ഡി) | ബി.പി.എൽ. അഡ്ഹോക് അധിക വിഹിതം 2013-14 സാമ്പത്തിക വർഷ ത്തിലേക്ക് അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ